# Weekly Devotion - January 2019
# The hand of the Lord (യഹോവയുടെ കരം)



സർവ്വശക്തന്റെ കൃപയാൽ ഒരു പുതുമയുടെ വാതിൽ നമ്മുടെ മുൻപിൽ. തുറന്നു കഴിഞ്ഞു പോയ വർഷത്തെ നഷ്ടസ്വപ്നങ്ങളോ, ദു:ഖങ്ങളോ, ഇനി ഓർത്ത് ഭാരപ്പെടേണ്ട, പഴയത് കഴിഞ്ഞു പോയി ഇതാ സകലതും പുതിയ തായി എന്നരുളിയ യഹോവയുടെ കരം യെഹസ്ക്കേലിന്റെ മേൽ വന്നതു പോലെ നമ്മുടെ മേലും വരുന്നതാണ്.

കരങ്ങൾ ദൈവത്തിനും മനുഷ്യർക്കും പ്രവൃത്തി ചെയ്യുവാനുള്ളതാണ്. ദൈവം തന്റെ വിശുദ്ധകരത്താൽ ആദ്യം ചെയ്തത് ഭൂമിയ്ക്കടിസ്ഥാനമിടുകയും ആകാശത്തെ വിരിക്കുകയുമായിരുന്നു. Read യെശ: (48:12,13) വിശുദ്ധനായ ദൈവം സൃഷ്ടിപ്പിന്റെ 6-ാം ദിവസം തന്റെ രൂപത്തിലും, ഭാവത്തിലും സൃഷ്ടിച്ച മനുഷ്യന്, തന്റെ വിശുദ്ധകരം കൊണ്ട് ഉണ്ടാക്കിയവർക്ക് അഞ്ചു ദിവസം കൊണ്ട് സൃഷ്ടിച്ച സകല നന്മകളും അനുഭവിപ്പാൻ നൽകി. എന്നാൽ വിശുദ്ധി യുടെ കരം അവരുടെ മേൽ നിന്ന് നീക്കുവാൻ സാത്താന് പെട്ടെന്ന് കഴിഞ്ഞു. അതിനാൽ പാപം മൂലം ശാപഗ്രസ്ഥരായവരെ യഹോവയുടെ കരം തന്നെ പുറ ത്താക്കി ആ പാപ പരമ്പര അന്നും ഇന്നും തുടരുന്നു. പാപികളെ രക്ഷിപ്പാൻ ആ പരിശുദ്ധന്റെ കൈ കാൽകൾ തുളയ്ക്കപ്പെട്ടിട്ടും അഴുക്കുള്ളവർ ഇന്നും അഴു ക്കിൽ തന്നെ ആടുന്നു.

യഹോവയുടെ കരം യെഹസക്കേലിന്റെ മേൽ വീണത് മൂലം പ്രതികൂല ങ്ങളെ തരണം ചെയ്യുവാനുള്ള ശക്തി അദ്ദേഹത്തിന് ലഭിച്ചു "എന്റെ വചനങ്ങൾ ചെവികൊണ്ട് കേട്ട് ഹൃദയത്തിൽ സംഗ്രഹിച്ച ശേഷം ഭയക്കാതെ യിസ്രായേൽ ജനത്തോട് പറയുവാനാണ് " യഹോവ നിർദ്ദേശിക്കുന്നത്. സുവിശേഷം അറി യിക്കേണ്ടത് എങ്ങനെ എന്ന് അഫോ:പ്രമ 1:8) ൽ കാണുന്നു. ക്രിസ്തു മശിഹായായി ആദ്യം ചെന്നത് സ്വന്തജനത്തിന്റെ അടുക്കൽ ആയിരുന്നു. എന്നാ ലവർ അവനെ കൈകൊണ്ടില്ല. (യോഹ1:11)

Read യെഹ: (3:4), (9,10) & അപ്ര (3:8-10) യഹോവയുടെ കൈ ഒരാളുടെ മേൽ വന്നാൽ അത് വളരെ ഗൗരവമുള്ള കാര്യമാണ്. ഇവിടെ യെഹസ്ക്കേൽ

പ്രവാചകന്റെ ശുശ്രൂഷയുടെ പ്രാധാന്യത്തെയും ഉത്തരവാദിത്തത്തേയും കാണിക്കുന്നു. Eg. യഹോവയുടെ കരം മോശയുടെ മേൽ വന്നത് യഹോവയുടെ അത്ഭുത കരംകാട്ടുവാനാണ് പുറ: (5:22,23), (6:1,5,6) യഹോവ കരം നീട്ടിയത് Eg.പുറ:9:13-14,20 Vs 22-26)

ദൈവത്തിന്റെ കരം തൊട്ടവൻ ആകാശത്തിലേക്ക് കൈ ഉയർത്തിയാൽ തീ ഇറങ്ങും ദൈവകരം നമ്മുടെ മേൽ വന്നു കഴിഞ്ഞാൽ പുറകോട്ടു നടക്കുന്ന വരല്ല നാം പിന്നീട്, ഒന്നും ഭയപ്പെടാതെ. മുൻപോട്ട് പോകുന്നവരാകണം. പുറ (14:15,16) (25-30) പുതുവർഷം, പ്രതികൂലങ്ങളെ, തടസ്സങ്ങളെ നോക്കി നിലവിളിക്കുന്നവരാകാതെ യഹോവയുടെ കരം വീണ വ്യക്തിയായി "മുൻപോട്ടുപോകുക" എന്ന വാക്കിന്റെ ബലത്തോടെ മുൻപോട്ട് പോകുവാൻ കർത്തൃകൃപയിലാശ്രയിക്കുക.

യഹോവയുടെ കരം നമ്മെ താങ്ങുന്ന കരങ്ങളാണ്. ഒരു മനുഷ്യൻ തന്റെ മകനെ വഹിക്കുന്നപോലെ ആ കരങ്ങൾ നമ്മെ വഹിക്കുന്നു (ആവ:1:31-32). ആ കരം നമ്മുടെ മേൽ വീണാൽ നമുക്ക് ധൈര്യം ലഭിക്കുന്നു. യഹോവയുടെ ഹിതപ്രകാരം നാം പറയുന്ന ഏത് ദൂതിന്റെയും ഉത്തരവാദിത്തം ദൈവത്തിനാണ്. അതിനാൽ നമ്മെ ധൈര്യത്തോട് സംസാരിപ്പാനുള്ള കൃപ നൽകി ആനുഗ്രഹിക്കുന്നു. Eg.Read Acts (4:13), (13:11)

ദൈവകരം നിങ്ങളുടെമേൽ ഉണ്ടെങ്കിൽ ആർക്കും നിങ്ങളുടെ ജീവിതത്തെ പ്പറ്റി ഒന്നും മുന്നമേ പറയുവാൻ കഴിയുകയില്ല. നിന്നിൽ നിന്ന് നന്മവരുകയില്ല എന്ന് മനുഷ്യർ (വിമശകർ) പറയും. എന്നാൽ ദൈവത്തിന്റെ കരം സകലതും മാറ്റി മറിക്കും. യബ്ബേസിന്റെ പ്രാർത്ഥനപോലെ, ആ വിശുദ്ധകരത്താൽ നമ്മെ ഈ പുതുവർഷം അനുഗ്രഹിക്കണേ എന്നും, അതിർ വിസ്താരമാക്കി തരണേ എന്നും പ്രാർത്ഥിക്കാം. ആ "വിശുദ്ധകരം" യാചിക്കുന്നവന്റെ മേൽ വന്നാൽ അനർത്ഥം വ്യസനകാരണമാകാതെ അനുഗ്രഹമാകുമെന്ന വിശ്വാസത്തോടെ യഹോവയോട് അപേക്ഷിക്കാം. യബ്ബേസ് അപേക്ഷിച്ചതിനെ ദൈവം അവന് നൽകിയതു പോലെ നിശ്ചയമായും നമുക്കും തരും. വിശ്വാസത്തോടെ അപേക്ഷിക്കുക. (1 ദിന:4,10)-----Read.

യഹോവയുടെ കരം നമ്മുടെ മേൽ വന്നാൽ അനുഗ്രഹം ലഭിക്കുമെന്ന് പറയുന്നതുപോലെ, വചനം കേട്ട് മറക്കുകയോ, യഹോവയുടെ പരിശുദ്ധനെ ദു:ഖിപ്പിക്കുകയോ ചെയ്താൽ ആ കരം നമുക്ക് ഭാരമായിരിക്കും എന്ന് സങ്കീ.(32:4) പറയുന്നു. അനുസരണമുള്ളവരായി മുൻപോട്ടുപോകുവാൻ ദൈവം കൃപചെയ്യട്ടെ. അത്യുന്നതന്റെ വായിൽ നിന്ന് നന്മ വരുന്നത് നമ്മുടെ മേൽ യഹോവയുടെ കരം ഉള്ളപ്പോഴാണ് തിന്മ പുറപ്പെടുന്നത് നമ്മുടെ കൈകളുടെ പ്രവൃത്തി ഹീനമാകുമ്പോഴാണ്. തിരുത്തി ജീവിപ്പാൻ പുതുവർഷം ദൈവം ഓരോരുത്തരേയും സഹായിക്കട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind